DESPATCHED
...29/06/2020
17.3.20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2638(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.9389/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.കൃഷ്ണൻ ജി
ഫ്ളാറ്റ് നം.329
റ്റി.സി 20/1880
പണ്ഡിറ്റ് കോളനി
കവടിയാർ
തിരുവനന്തപുരം –695003
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ്
പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് ( C-APT)
ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ് പി.ഒ
തിരുവനന്തപുരം 13
2. അപ്പീൽ അധികാരി ആന്റ് മാനേജിംഗ് ഡയറക്ടർ( C-APT)
കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ്
പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് ( C-APT)
ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ് പി.ഒ
തിരുവനന്തപുരം 13

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.03.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.03.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 02.04.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 06.05.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.05.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.06.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07.07.2015, |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15.07.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും മറുപടി തൃപ്തികരമല്ലായി രുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 02.03.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ 27.02.2015 ലെ C-apt/1435/12/2/15/MD എന്ന കത്തിന്റെ പകർപ്പും ഇനം 2 ൽ 27.02.2015 ലെ C-apt/1435/12/2/15/MD എന്ന നോട്ട് ഉൾപ്പെടുത്തി സ്റ്റേറ്റ് ഇൻഫോർമേഷൻ കമ്മീ ഷണർക്ക് നൽകിയ കത്തിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 04.03.2015 നൽകിയ മറുപടിയിൽ ഹർജി ക്കാരനെതിരെ വിജിലൻസ് അന്വേഷണം നിലനിൽക്കുന്നതിനാൽ വിവരാവകാശനിയമം 8 പ്രകാരം ടി ഓഫീസിൽ നിന്നും ഒരു രേഖയും നൽകേണ്ടതില്ലെന്ന് മാനേജിംഗ് ഡയറ ക്ടർ നിർദ്ദേശിച്ചതിനെത്തുടർന്ന് ഇപ്പോൾ മറുപടി നൽകാൻ നിർവ്വാഹമില്ലെന്നാണ് അറി യിച്ചത്.

4. മേൽപ്പടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 02.04.2015 ന് അപ്പീൽ നൽകുകയും, 06.05.2015 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിയാണെന്ന് അംഗീകരിക്കുകയും ചെയ്തു.

5. 15.07.2017 ന് നൽകിയ റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത് ഹർജിക്കാനെ തിരെ വിജിലൻസ് ഇൻവെസ്റ്റിഗേഷൻ നിലനിൽക്കുന്നതിനാൽ ടി ഓഫീസിൽ നിന്നും രേഖകൾ നൽകാൻ നിർവ്വാഹമില്ലെന്ന് ഹർജിക്കാരനെ അറിയിച്ചുവെന്നും, ഇതിനെ ത്തുടർന്ന് ഹർജിക്കാരൻ അപ്പീൽ നൽകുകയും ആയതിനും മറുപടി നൽകാൻ നിർവ്വാ ഹമില്ലെന്നാണ് അറിയിച്ചതെന്നുമാണ്. 18.01.2020 ന് കമ്മീഷനിൽ നിന്നും കത്ത് നൽകിയ തിനെത്തുടർന്ന് ഇരു കക്ഷികളും 28.01.2020 ന് ഹാജരായി മൊഴി രേഖപ്പെടുത്തി.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും ഇരു കക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാ രൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എല്ലാം കമ്മീഷനിൽ നിന്ന് കത്ത് വന്നതിനു ശേഷം നൽകിയെന്ന് എസ്.പി.

ഐ.ഒ യും രേഖകളെല്ലാം കിട്ടി എന്ന് ഹർജിക്കാരനും ബോധിപ്പിച്ചതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

res

RIGHT TO INFORMATION